**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2789** **13-10-2021 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ സാമൂഹിക വനവത്ക്കരണ പരിപാടികൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹിക വനവത്ക്കരണത്തിന്റെ ഭാഗമായി ചാത്തന്നൂർ മണ്ഡലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | ചാത്തന്നൂർ മണ്ഡലത്തിൽപ്പെടുന്ന ചാത്തന്നൂർ എസ്. എൻ. കോളേജ് കോമ്പൗണ്ടിൽ സ്ഥാപനവനവൽക്കരണത്തിന്റെ ഭാഗമായി നട്ടു പിടിപ്പിക്കുന്നതിന് 2000 വൃക്ഷത്തൈകൾ നൽകിയിട്ടുള്ളതും വനമഹോത്സവത്തിന്റെ ഭാഗമായി നട്ടു പിടിപ്പിച്ചിട്ടുള്ളതുമാണ്. മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, എൻ. ജി. ഒ. കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം പരിസ്ഥിതി ദിനം മുതൽ വനമഹോത്സവം വരെയുള്ള കാലയളവിൽ നട്ടു പിടിപ്പിക്കുന്നതിനായി വൃക്ഷതൈകൾ സൗജന്യമായി വിതരണം ചെയ്തിട്ടുള്ളതാണ്. ജില്ലയിലെ മറ്റ് നിയമസഭാ മണ്ഡലങ്ങളിൽ എന്ന പോലെ ചാത്തന്നൂർ മണ്ഡലത്തിലും അർഹരായ കാവ്/കണ്ടൽ ഉടമസ്ഥർക്ക് ധനസഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. മണ്ഡലത്തിലെ വിവിധ വികസന ആവശ്യങ്ങൾക്കായി മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി നൽകുന്നതും വില നിർണ്ണയ റിപ്പോർട്ട് നൽകുന്നതും ജില്ലയിലെ സാമൂഹിക വനവൽക്കരണ വിഭാഗമാണ്. ഇതിനു പുറമെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. മണ്ഡലത്തിലെ വിവിധ സ്കൂളുകളിലും സ്ഥാപനങ്ങളിലും നക്ഷത്രവന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ